"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിദ്യാഭ്യാസം - സർക്കാർ ഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ 2025-26 അക്കാദമിക വർഷത്തെ പൊതുസ്ഥലംമാറ്റവും നിയമനവും 2023-24 ലെ പൊതുസ്ഥലംമാറ്റ പ്രക്രിയയിൽ അവലംബിച്ച മാനദണ്ഡങ്ങളും സ്പഷ്ടീകരണങ്ങളും പാലിച്ചുകൊണ്ട് നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2592/2025/GEDN തീയതി,തിരുവനന്തപുരം, 09-04-2025

---

പരാമർശം:- 1. 02.03.2019-ലെ സഉ(സാധാ) നം. 838/2019/പൊ.വി.വ. ഉത്തരവ്

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08.04.2025 തീയതിയിലെ HSE/3693/2025-Ad C6 നമ്പർ കത്ത്

**ഉത്തരവ്**

2023-24 ലെ പൊതുസ്ഥലംമാറ്റ പ്രക്രിയയിൽ (ഓൺലൈൻ) അവലംബിച്ച മാനദണ്ഡങ്ങളും സ്പഷ്ടീകരണങ്ങളും പാലിച്ചുകൊണ്ട് 2025-26-ലെ സ്ഥലംമാറ്റവും നടപ്പാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കാവുന്നു.

2. പ്രസ്തുത മാനദണ്ഡങ്ങൾ സുതാര്യമാക്കാനായി സർക്കുലറുകൾ വഴിയും വെബ്സൈറ്റ് വഴിയും മുൻകൂട്ടി പ്രസിദ്ധീകരിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു..

3/. കൂടാതെ 2026-27 അധ്യയന വർഷത്തെ എച്ച്.എസ്.എസ്.ടി. സ്ഥലംമാറ്റത്തിനുള്ള പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ കരട് മൂന്ന് മാസത്തിനകം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANITHA RAJ V
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിദ്യാഭ്യാസം) തിരുവനന്തപുരം
എല്ലാ ഹയർസെക്കന്ററി മേഖലാ ഉപഡയറക്ടർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്